**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 198** **22-06-2026-ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണം, എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പുതിയ മന്ദിരം, കനകപ്പാലം സബ് സെന്റർ നിർമ്മാണം, കാളകെട്ടി സബ് സെന്റർ നിർമ്മാണം, പിണ്ണാക്കനാട് സബ് സെന്റർ, തിടനാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ മെയിൻ സെന്ററിലെ അനുബന്ധ കെട്ടിട നിർമ്മാണം, തീക്കോയി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലെ കല്ലം, ഒറ്റയീട്ടി സബ് സെന്റർ, പറത്താനം പ്രാഥമികാരോഗ്യ കേന്ദ്ര കെട്ടിട നിർമ്മാണം, ചേന്നാട് സബ് സെന്റർ നിർമ്മാണം, ജി. വി. രാജ ആശുപത്രിയിലെ പുതിയ സബ് സെന്റർ നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

**മറുപടി:**

പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1. | ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം | ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 2. | എരുമേലി സാമൂഹികാരോഗ്യകേന്ദ്രം | ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 3. | കനകപ്പാലം സബ് സെന്റർ | ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 4. | കാളകെട്ടി സബ് സെന്റർ | ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| 5. | പിണ്ണാക്കനാട് സബ് സെന്റർ | ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 6. | തിടനാട് മെയിൻ സെന്റർ | ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 7. | കല്ലം സബ് സെന്റർ | ഭരണാനുമതി ലഭിച്ചു, ജില്ലാ നിർമ്മിതി കേന്ദ്രവുമായി കരാർ ഒപ്പു വെച്ചു. നിലവിലെ കെട്ടിടം പൊളിച്ചു മാറ്റിയാൽ ഉടൻ ജോലി ആരംഭിക്കുന്നതാണ് |
| 8. | ഒറ്റയീട്ടി സബ് സെന്റർ | ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| 9. | പറത്താനം കുടുംബാരോഗ്യ കേന്ദ്രം | ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 10. | ചേന്നാട് സബ് സെന്റർ | ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു |
| 11. | മെയിൻ സെന്റർ ജി.വി. രാജ | പഞ്ചായത്ത് മുഖേന കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് വർക്കുകൾ മാത്രമേ ചെയ്യുവാൻ അവശേഷിക്കുന്നുള്ളൂ |

**(ബി)** പ്രസ്തുത പ്രവൃത്തികളിൽ ഡി. പി. ആർ. ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ?

**മറുപടി:** തീക്കോയി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള കല്ലം സബ് സെന്ററിന്റെ നിർമ്മാണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആയതിന്റെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. നിലവിലെ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**